# സ്വയം സല്ലപിക്കുന്ന ത്രിമാന ദർപ്പണം

## (നീണ്ട കവിത [ഡോ. എ.കെ.ബി.ക്ക്])

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

### പ്രജനനം

ഒക്കെ ഓക്കെയെന്ന ഉടമ്പടിയിൽ
ആത്മഹത്യാ മുനമ്പിലെ
ഒടുക്കത്തെ ചവിട്ടുപടിയിൽ
എത്തിപ്പിടിച്ചു കൈക്കോർക്കാൻ,
കാലൊച്ച കേൾപ്പിക്കാതെ
കണ്ണുപൊത്തിക്കളിക്കുന്ന
താഴത്തെ അഗാധതയിലേക്ക്
ടൈറ്റാനിക്കിലെ ഡോക്കിൽനിന്ന്
മുതലക്കൂപ്പു കുത്താൻ,
വാഗ്വാദത്തിന്റെ ഈരടികൾ
കഠിനാക്ഷര സംസ്കൃതിയിലെ
വിഷമവൃത്ത കങ്കാളം പോലെ
ഉൾക്കാമ്പ് ചീന്തുന്ന രക്തമാകുമ്പോൾ;

അയലത്തെ വാതിൽ തുറന്ന്
കുഞ്ഞനിയനെക്കൊണ്ട്
ഞാൻ നിന്നെ പ്രേമിക്കുന്നുയെന്ന്
സിനിമയിൽ പറയിപ്പിക്കുന്ന
താരസുന്ദരിയായ വാരസുന്ദരിയുടെ
അധരത്തിലെ ചുവന്നു കറുത്തു
മുറുക്കിയ കടുത്ത നിറം
അയവെട്ടി തൂണു ചാരുമ്പോൾ;

ഫേസ് ബുക്കിലെ വലതുകോളത്തിൽ
ഇഷ്ടാംഗനയുടെ കവിൾ
പച്ചഗോള ബൾബായി,
ഇൻസ്റ്റഗ്രാമിലയച്ച
വിവസ്ത്രതയുടെ ആഴമായി,
വാട്ട്സ്-അപ്പിലെ
വിദ്വേഷസൂചക സന്ദേശമായി,
മിന്നിത്തെന്നിയണഞ്ഞ്
തടസ്തമായി മറയുമ്പോൾ;

ട്രാഫിക് ലൈറ്റിന്റെ മഞ്ഞനിറം
അസ്തമിക്കുന്നതിനുമുമ്പ്
ലക്ഷ്മണരേഖ കടക്കാൻ
വേഗതയുടെ പെഡലിൽ
ദൂരത്തെ പാദസ്പർശം
ആഞ്ഞമരുമ്പോൾ;

ആമസോൺ ഡ്രോണിൽ നിന്നും
താഴെ വീണ പേക്കേജിലെ
കണ്ണും കാതും വായും കൊട്ടിയടച്ച
കുരങ്ങന്റെ സമ്മാനപ്പൊതി
മൂക്കമർത്തി തുറക്കുമ്പോൾ;

വിവരസാങ്കേതികതയ്ക്കപ്പുറം
തിരസ്കാരരതിയുടെ കാരസ്കരം
കേബിളിലും കമ്പ്യൂട്ടറിലും
ഐ-ഫോണിലും അരങ്ങേറുമ്പോൾ:

ഒറ്റയ്ക്ക് അഭിനയം പഠിക്കുന്ന
സ്തുതിപാഠക കളരിമുറ്റം, ചെമന്ന്,
രാജസദസ്സിലെ അടിവാരത്തെ
പരിവാര പരവതാനി ഇളക്കുന്നു.

## ജനനം

വസന്തപ്പൂക്കളുടെ സൌരഭ്യവും,
ചിന്തയുടെ ഫ്രെയിമുകളിൽ
വരുന്നതെല്ലാം ഒരാളെന്ന തോന്നലും,
മഞ്ഞക്കണ്ണട മാത്രം വിൽക്കുന്ന
കൂട്ടുവ്യാപാരവലയിലെ ചിലന്തിയും,
രാപാർക്കുന്ന തലയിണപ്പൂച്ചയെ
മന്ത്രം ചൊല്ലി ദേവികയാക്കുന്ന
താന്ത്രികക്കളത്തിലെ നിഗൂഢതകളും,
അകലത്തെ മുറിയിലിരുന്ന്
ചിന്താത്തരംഗ കൃത്രിമോത്തേജനത്തിന്റെ
മയക്കുമരുന്നു സിറിഞ്ചിലെ സൂചി
ഹൃദയത്തിൽ ആഴ്ത്തിക്കുത്തുന്നതും,
വിവേചനസ്സുവിശേഷസൂക്തം
ഉറക്കത്തിനു മുമ്പുള്ള വായനാ-
ക്ഷരത്തിലെ ആയിരത്തൊന്നു കഥയിലെ
അനന്തമായ തുടർച്ച മുറിക്കുന്നതും,
പദയാത്രക്കാരൻ ഇട മുറിയുമ്പോൾ
ചീറിപ്പായുന്ന അഗ്നിശമന-ആംബുലൻസ്
മുഴക്കുന്ന കാതടപ്പറിയുന്നതും:

ഒരേ നിറമെന്നു കരുതിയ
ചർമ്മത്തിലെ അടയാളങ്ങൾ
കർമ്മത്തിലെ വ്യതിരിക്തതയും
തിരിച്ചറിവിന്റെ സാമവേദവുമായി
പരിണാമത്തിന്റെ കുഴലൂതുന്നു.

## വചനം

സർവ്വോപരി,
അലമാരയിലെ പുസ്തകങ്ങളുടെ
നട്ടെല്ലിലെ മുദ്രണങ്ങൾ

പുറഞ്ചട്ടയിലെ വിശാലലോകം.
വിയർപ്പും കണ്ണീരും വീണ്
മുഷിഞ്ഞു മഞ്ഞച്ച
താൾക്കൂട്ടത്തിന്റെ പഴമണം.
അപരനു തുറന്നുവായിക്കാൻ
കടം കൊടുക്കാത്ത കാമിനിയുടെ
ഓരം ചാരുന്ന കയ്യൊപ്പ്:

വീണ്ടും, പ്രാണവായുവിലെ
കൂട്ടുമിശ്രിതമായി
ശ്വാസകോശത്തെത്തഴുകി
വാസ്തവീകരണത്തിന്റെ
സഹജബോധം പരത്തുന്നു!
*************************************************************************